ഓരോ മുസ്ലിമും അടിസ്ഥാനപരമായി മനസിലാക്കിയ, മനസിലാക്കേണ്ട കാര്യമാണ് ഇബാദത്ത് (ആരാധന) അല്ലാഹുവിന് മാത്രം അവകാശപ്പെട്ട കാര്യമാണെന്നത്. അത് സൃഷ്ടികൾക്ക് വകവെച്ച് കൊടുക്കുവാൻ പാടില്ല. ദിനേന അനേകം ആരാധനകൾ ഓരോ മുസ്ലിമും അനുഷ്ടിക്കുന്നുണ്ട്. ഇസ്ലാമിക പ്രമാണങ്ങൾ ആരാധന നടത്തുവാൻ വിശ്വാസികളെ നിരന്തരം പ്രേരിപ്പിക്കുന്നുമുണ്ട്. വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നവന് അതിലെ ആദ്യത്തെ കൽപന ഇങ്ങനെ കാണാൻ കഴിയും. അല്ലാഹു പറയുന്നു:

(يأيها الناس اعبدوا ربكم الذي خلقكم والذين من قبلكم لعلكم تتقون)

(البقرة:٢١)

“ജനങ്ങളെ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷി(ച്ച് ജീവി)ക്കുവാൻ വേണ്ടിയത്രെ അത്” (അൽബഖറ:21) ഇവിടെ ജനങ്ങളെ ഒന്നടങ്കം അഭിസംബോധന ചെയ്തിട്ട് നിങ്ങൾ നിങ്ങളുടെ നാഥനെ ആരാധിക്കണമെന്നാണ് പറയുന്നത്.

ഓരോ വിശ്വാസികളും ദിനേന നിർബ്ബന്ധമായും പതിനേഴ് തവണ പ്രാർത്ഥിക്കേണ്ട ഒരു സൂറത്താണല്ലോ സൂറത്തുൽ ഫാതിഹ: അതിൽ വിശ്വാസികൾ പ്രാർത്ഥിക്കുന്നുണ്ടല്ലോ (إياك نعبد وإياك نستعين) “നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു, നിന്നോട് മാത്രം ഞങ്ങൾ സഹായം ചോദിക്കുന്നു”. ഇവിടെയും അല്ലാഹുവിനെ ആരാധിക്കുന്നുവെന്ന് പറയുന്നു. അത്പോലെ അല്ലാഹു മനുഷ്യ ജിന്ന് വർഗങ്ങളെ സൃഷ്ടിച്ചതിൻെറ ഉദ്ദേശം പറയുന്നതായി നമുക്ക് ഇങ്ങനെ കാണുവാൻ കഴിയുന്നതാണ്. അല്ലാഹു പറയുന്നു: (وما خلقت الجن والإنس إلا ليعبدون)(الذاريات:٥٦) “ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല” (ദാരിയാത്ത്:56) ഇവിടെയും ആരാധനയെന്ന പദമാണ് ഖുർആൻ ഉപയോഗിക്കുന്നത്. ഇനിയും വിശുദ്ധഖുർആനിൽ അനേകം ആയത്തുകൾ ഈ വിഷയത്തെ സംബന്ധിച്ച് കാണുവാൻ സാധിക്കുന്നതാണ്. ആയതിനാൽ എന്താണ് ഇബാദത്ത് എന്ന് മനസിലാക്കൽ അനിവാര്യമാണ്.

## ഇബാദത്തിൻെറ നിർവ്വചനം:

“അല്ലാഹു ഇഷ്ടപ്പെടുന്നതും തൃപ്തിപ്പെടുന്നതുമായ ബാഹ്യമോ ആന്തരികമോ ആയ വാക്കുകൾക്കും പ്രവൃത്തികൾക്കും മുഴുവനായി മൊത്തത്തിൽ ഇബാദത്ത് എന്ന് പറയുന്നു” മഹാനായ ഇബ്നുകഥീർ സൂറത്ത് ദാരിയാത്തിലെ 56-ാമത്തെ ആയത്ത് വിശദീകരിച്ച് കൊണ്ട് ഇബാദത്തിൻെറ അർത്ഥം പറയുന്നു: “ഭയവും, കീഴ്പ്പെടലും, സ്നേഹവും പരിപൂർണമായി യോജിപ്പിക്കുന്നതിനെ” സൂചിപ്പിക്കുന്നതിനെയാണ് ഇബാദത്ത് എന്ന് പറയുന്നത്. (തഫ്സീർ ഇബ്നു കഥീർ). അതായത് അല്ലാഹുവിനെ ഭയപ്പെട്ട്കൊണ്ടും, അവന് പരിപൂർണമായി കീഴ്പ്പെട്ട്കൊണ്ട് സന്തോഷത്തോടെ പ്രവർത്തിക്കുന്ന വാക്കുകൾക്കും പ്രവർത്തനങ്ങൾക്കും മൊത്തത്തിലാണ് ഇബാദത്ത് എന്ന് പറയുന്നത്. അതിൽ പ്രകടവും ഗോപ്യവുമായ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതാണ്.

## ഇബാദത്തിൻെറ അടിസ്ഥാനം:

ഇസ്ലാമിൽ ഒരു കാര്യം ഇബാദത്തായി പരിഗണിക്കണമെങ്കിൽ ഇസ്ലാമിക പ്രമാണങ്ങളായ വിശുദ്ധഖുർആനിൽ നിന്നും, പ്രവാചക ചര്യയിൽ നിന്നും ഒരു കൽപന വേണം. അങ്ങിനെയുള്ള കൽപനയുണ്ടായാലേ ഒരു കാര്യം ഇബാദത്തായി തീരുകയുള്ളൂ. അല്ലാഹു പറയുന്നു:

(وما آتاكم الرسولُ فَخذُوه وما نهاكم عنه فَانتهوا)(سورة الحشر:٧)

“നിങ്ങൾക്ക് റസൂൽ നൽകിതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക” (ഹശ്ർ:7)

(وأتموا الحج والعمرةَ لله)

“നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും പൂർണമായി ചെയ്യുക” (അൽബഖറ:196)

(وأقيموا الصلاةَ وآتوا الزكاةَ وأطيعوا الرسولَ لعلكُم ترحمونَ)(النور:٥٦)

“നിങ്ങൾ നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും സകാത്ത് നൽകുകയും, റസൂലിനെ അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം” (നൂർ:56)

(يأيها الذين آمنوا كُتب عليكُم الصيام كما كُتب على الذين من قبلكُم لعلكُم تتقُونَ)(البقرة:١٨٣)

“സത്യവിശ്വാസികളെ, നിങ്ങളുടെ മുമ്പുള്ളവരോട് കൽപിച്ചിരുന്നത് പോലെത്തന്നെ നിങ്ങൾക്കും നോമ്പ് നിർബന്ധമായി കൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടിയത്രെ അത്” (അൽബഖറ:183) ഇങ്ങനെ വിശുദ്ധഖുർആനിൽ നിന്നോ തിരുസുന്നത്തിൽ നിന്നോ ഉള്ള കൽപനയിലൂടെ മാത്രമേ ഒരു കാര്യം ആരാധനയായി തീരുകയുള്ളൂ. അല്ലാത്ത കാര്യം ഇബാദത്തല്ല. അത് ഭൂരിപക്ഷമാളുകൾ ചെയ്തിരുന്നാലും ശരി.

## ഇബാദത്തിൻെറ നിബന്ധനകൾ:

ഇസ്ലാമിൽ ഒരുകാര്യം ഇബാദത്തായി തീരണമെങ്കിൽ നിർബ്ബന്ധമായും രണ്ട് നിബന്ധനകൾ പൂർണമാകേണ്ടതുണ്ട്. അല്ലാത്ത കർമ്മങ്ങൾക്ക് അല്ലാഹുവിൽ നിന്ന് പ്രതിഫലം ലഭിക്കുകയില്ല.

ഒന്ന്: ഇഖ്ലാസ്: നിഷ്കളങ്കത.

ചെയ്യുന്ന കർമ്മങ്ങൾ അല്ലാഹുവിന് നിഷ്കളങ്കമായി ചെയ്യുക, പ്രശസ്തിയോ, ലോകമാന്യമോ കൂടിലരാതെ അല്ലാഹുവിൽ യഥാർത്ഥ രൂപത്തിൽ വിശ്വസിക്കുകയും, അവന് നഷ്കളങ്കമായി പ്രവർത്തിക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു:

(وما أمروا إلا ليعبدوا الله مخلصين له الدين حنفاءَ ويقيموا الصلاةَ ويؤتوا الزكاةَ وذَلك دين القيمة)(البينة:٥)

“കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും, സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം” (ബയ്യിന:5)

രണ്ട്: പ്രവാചകൻ(സ)യെ പിൻപറ്റുക.

ഒരു കർമ്മം സൽകർമ്മമായി പരലോകത്ത് പ്രതിഫലം ലഭിക്കണമെങ്കിൽ പ്രവാചകൻ(സ) ചെയ്ത കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതല്ലാതെ നമുക്ക് തോന്നുന്ന കാര്യങ്ങൾ ചെയ്തിട്ട് കാര്യമില്ല. അതാണ് അല്ലാഹു പറയുന്നത്:

(قُلْ إنْ كُنتم تحِبونَ الله فَاتبعوني يحببكُم الله ويغفر لكُم ذنوبكُم والله غفُور رحيم)(آل عمران:٣١)

“(നബിയെ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ.” (ആലുഇംറാൻ:31)

തിരുമേനി(സ) പഠിപ്പിച്ചകർമ്മങ്ങളും, പ്രാർത്ഥനകളും അതുപോലെ തന്നെ ചെയ്യേണ്ടതാണ്. അതിൽ എന്തെങ്കിലും കൂട്ടുവാനോ കുറക്കുവാനോ, പ്രാർത്ഥനയിലുള്ള പദങ്ങളുടെ പര്യായ പദങ്ങൾ പോലും മാറ്റുവാൻ പാടില്ലായെന്നാണ് പ്രവാചകൻെറ ഹദീസിൽ നിന്നും നമുക്ക് അറിയുവാൻ കഴിയുന്നത്. അത്കൊണ്ട് പ്രവാചകൻ(സ)യുടെ സുന്നത്ത് അത്പോലെ ചെയ്യുക.

ഈ രണ്ട് നിബന്ധനകളും ശരിയായാൽ കർമ്മം ശരിയായി. അല്ലാഹു സ്വീകരിച്ചുവെന്ന് പറയുവാൻ പാടില്ല. അത് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളു. ആയതിനാൽ നമ്മൾ ചെയ്യുന്ന കർമ്മം ശരിയായ രൂപത്തിൽ പ്രവർത്തിക്കുവാൻനാം പരമാവധി പരിശ്രമിക്കുക. അത് സ്വീകരിക്കുവാൻ നാം അല്ലാഹുവിനോട് എപ്പോഴും പ്രാർത്ഥിക്കുക. ഇബ്രാഹിം, ഇസ്മാഈൽ(അ) എന്നീ പ്രവാചകന്മാർ കഅബ പടത്തുയർത്തിയതിന് ശേഷം അല്ലാഹുവിനോട് പ്രാർത്ഥിച്ചത്പോലെ.

## ഇബാദത്തിൻെറ റുക്നുകൾ:

ഇബാദത്തിന് മൂന്ന് റുക്നുകൾ(തൂണുകൾ) ഉണ്ടെന്നാണ് ഖുർആനിൽ നിന്ന് നമുക്ക് അറിയുവാൻ കഴിയുന്നത്. അവ മഹബ്ബത്ത്(സ്നേഹം), റജാഅ്(പ്രതീക്ഷ), ഖൗഫ്(ഭയം) എന്നിവയാണ്. കർമ്മങ്ങൾ ചെയ്യുമ്പോൾ അല്ലാഹുവിനെ ഇഷ്ടപ്പെട്ട് കൊണ്ട് മന:സംതൃപ്തിയോടെയും, അല്ലാഹുവിൽ നിന്ന് പ്രതിഫലം ലഭിക്കണമെന്ന പ്രതീക്ഷയോടെ, അല്ലാഹുവിൻെറ ശിക്ഷയെ ഭയപ്പെട്ട് അതിൽ നിന്ന് രക്ഷ കിട്ടണമെന്ന ആഗ്രഹത്തോടെ ചെയ്യണം. അല്ലാഹു പറയുന്നു:

(فاستجبنا له ووهبنا له يحيى وأصلحنا له زوجه إنهم كانوا يسارعونَ في الخيراتِ ويدعوننا رغبًا ورهبًا وكانوا لنا خاشعين)(الأنبياء:٩٠)

"അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും, അദ്ദേഹത്തിന്(മകൻ) യഹ്‌യായെ നാം പ്രദാനം ചെയ്യുകയും, അദ്ദേഹത്തിൻെറ ഭാര്യയെ നാം (ഗർഭധാരണത്തിന്ന്) പ്രാപ്തയാക്കുകയും ചെയ്തു. തീർച്ചയായും അവർ (പ്രവാചകന്മാർ) ഉത്തമ കാര്യങ്ങൾക്ക് ധൃതി കാണിക്കുകയും, ആശിച്ചു കൊണ്ടും പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു" (അമ്പിയാ:90)

(ومِن الناس من يتخِذُ مِن دونِ اللهِ أندادًا يحِبونهم كحب اللهِ والذِين آمنـوا أشد حبا لِلهِ) (البقرة:١٦٥)

"അല്ലാഹുവിനു പുറമെയുള്ളവരെ അവന് സമന്മാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നതു പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു. എന്നാൽ സത്യ വിശ്വാസികൾ അല്ലാഹുവോട് അതിശക്തമായി സ്നേഹമുള്ളവരത്രെ" (അൽബഖറ:165)

## ഇബാദത്തിൻെറ ഇനങ്ങൾ:

ഇബാദത്തിന് പ്രധാനമായി നാലിനങ്ങളാണുള്ളത്. അവ (القولية - ഖൗലിയ്യ) (വാക്കുകൾ), (الفعلية-ഫിഅ്‌ലിയ്യ: (പ്രവർത്തനം), ഖൽബിയ്യ: (القلبية- ഹൃദയം), (المالية- മാലിയ്യ: (ധനം) എന്നിവയാണ്. അതായത് വാക്കുകളാലുള്ള ആരാധനയും, പ്രവർത്തനങ്ങൾ മുഖേനയുള്ള ആരാധനയും, ഹൃദയം കൊണ്ടുള്ള ആരാധനയും, ധനം കൊണ്ടുള്ള ആരാധനയും. വാക്കുകൾ കൊണ്ടുള്ള ആരാധനയിൽ പെട്ടതാണ് പ്രാർത്ഥനകൾ, പ്രഭാതത്തിലും, പ്രദോഷത്തിലുമുള്ള പ്രാർത്ഥനകൾ, നമസ്കാര ശേഷമുള്ള പ്രാർത്ഥനകൾ തുടങ്ങിയവ. പ്രവർത്തനങ്ങൾ മുഖേനയുള്ള ആരാധനയാണ് നമസ്കാരം, ത്വവാഫ്, സഅ്‌യ് പോലെയുള്ള ആരാധനകൾ. ഹൃദയം മുഖേനയുള്ള ആരാധനയിൽ പെട്ടതാണ് അല്ലാഹുവിനെ ഭയപ്പെടുക, പേടിക്കുക, അവനിൽ ഭരമേൽപ്പിക്കുക പോലെയുള്ളത്. സമ്പത്ത് മുഖേനയുള്ള ആരാധനയിൽ പെട്ടതാണ് സകാത്ത്, സ്വദഖ പോലെയുള്ള ആരാധനകൾ.

ഈ നാലിനങ്ങളും ഒരുമിച്ച ആരാധനയാണ് ഹജ്ജ്, ഉംറ എന്നിവ. അതിൽ മുഴുവൻ ഇനങ്ങളും അടങ്ങിയിട്ടുണ്ട്.

## ആരാധനയുടെ അവസ്ഥകൾ:

ഒന്ന്: (الزمانية) സമാനിയ്യ: പ്രത്യേകം കാലങ്ങളിൽ ചെയ്യേണ്ട ആരാധനകൾ. ഉദാഹരണമായി: സൂര്യനോ, ചന്ദ്രനോ ഗ്രഹണം ബാധിക്കുമ്പോഴുള്ള ഗ്രഹണ നമസ്കാരം, മഴയില്ലാതിരിക്കുമ്പോൾ മഴക്ക്വേണ്ടിയുള്ള നമസ്കാരം.

രണ്ട്: (المكانية) മകാനിയ്യ: പ്രത്യേകം സ്ഥലങ്ങളിൽ ചെയ്യേണ്ട ആരാധനകൾ. ഉദാഹരണമായി: പള്ളിയിൽ പ്രവേശിക്കുമ്പോഴുള്ള രണ്ട് റകഅത്ത് നമസ്കാരം, അതുപോലെ അപ്പോൾ ചൊല്ലേണ്ട പ്രാർത്ഥനകൾ. പ്രവാചകൻ ഏതെങ്കിലും സ്ഥലങ്ങളിൽ പ്രവേശിക്കുമ്പോൾ പ്രത്യേകം പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചിട്ടുള്ളവ പോലെയുള്ളത് ഈയിനത്തിൽ പെട്ടതാണ്.

മൂന്ന്: (العددية) അദദിയ്യ: എണ്ണം പിടിച്ച് ചെയ്യേണ്ട ആരാധനകൾ. ഉദാഹരണമായി: രാവിലെയും, വൈകുന്നേരവും ചൊല്ലേണ്ട പ്രാർത്ഥനകൾ നിശ്ചിതം എണ്ണം മാത്രമെ ചെല്ലാവൂ. അതുപോലെ നമസ്കാരത്തിന് ശേഷമുള്ള ദിക്റുകളും, ദുആകളും. ഇവയെല്ലാം ഈയിനത്തിൽ പെട്ടതാണ്.

നാല്: (الهيئة) ഹൈഇയ്യ: നമസ്കാരത്തിൻെറ രൂപങ്ങൾ, ത്വവാഫ് ചെയ്യുമ്പോഴുള്ള റംല്, ഇഹ്റാമിലെ ഇള്ത്തിബാഅ് പോലെയുള്ള ആരാധനകൾ. ഈ അവസ്ഥയിൽ മാത്രമാണ് ആരാധനയാവുക. വേറെ സന്ദർഭങ്ങളിൽ അത് ആരാധനയായി തീരുകയില്ല. ഉദാ: ഏതെങ്കിലും സ്ഥലത്ത്പോയി റംല് നടത്തം നടന്നാൽ അത് ആരാധനയാവില്ല. അത്പോലെ വീട്ടിൽവെച്ച് ഇള്ത്തിബാഅ് ചെയ്താൽ അത് ആരാധനയാവില്ല.

പ്രത്യേക അവസ്ഥയുണ്ടാകുമ്പോൾ ചെയ്യേണ്ട (الحالية)അഞ്ച്:
ആരാധന. ഉദാഹരണമായി എന്തെങ്കിലും വല്ല ഉപദ്രവങ്ങളു
എന്ന് ചൊല്ലുക. إنـا لله وإنـا إليـه راجعـونണ്ടാകുമ്പോൾ
അത്പോലെ വാഹനം കയറുമ്പോൾ ആ സന്ദർഭത്തിൽ പ്രവാചകൻ(സ) പഠിപ്പിച്ച പ്രാർത്ഥന ചൊല്ലുക. തുടങ്ങിയ വല്ല സന്ദർഭങ്ങളു മുണ്ടാകുമ്പോൾ ചൊല്ലേണ്ടതും പ്രവർത്തിക്കേണ്ടതുമായ കാര്യങ്ങൾ ഇതിൽ പെട്ടതാണ്.

## ആരാധനകളുമായി ബന്ധപ്പെട്ട് അറിയേണ്ട കാര്യങ്ങൾ:

ഒന്ന്: (آنية) സന്ദർഭം സംജാതമാവുമ്പോഴുള്ള ആരാധനകൾ. ഉദാഹരണമായി: ഒരാൾ മരിച്ചു, അയാൾക്ക് വേണ്ടി മയ്യിത്ത് നമസ്കാരം, അതുപോലെ ഒരാൾ പള്ളിയിൽ പ്രവേശിച്ചു തഹിയ്യത്തുൽ മസ്ജിദ് നമസ്കരിക്കുന്നത്പോലെ.

രണ്ട്: (يومية) ദിവസവും ചെയ്യേണ്ട ആരാധനകൾ. ഉദാഹരണമായി: അഞ്ച് നേരത്തെ നമസ്കാരം പോലെയുള്ളവ.

മൂന്ന്: (أسبوعية) ആഴ്ച കൂടുമ്പോൾ ചെയ്യേണ്ട ആരാധനകൾ. ഉദാഹരണമായി: ജുമുഅ: നമസ്കാരം പൊലെയുള്ള ആരാധനകൾ ആഴ്ചയിൽ ചെയ്യേണ്ട ആരാധനകളാണ്.

നാല്: (شهرية) മാസം കൂടുമ്പോൾ ചെയ്യേണ്ട ആരാധനകൾ. ഉദാഹരണമായി: അയ്യാമുൽ ബീള് എന്ന പേരിൽ അറിയപ്പെടുന്ന 13-14-15 എന്നീ ദിവസങ്ങളിൽ സുന്നത്ത് നോമ്പനുഷ്ടിക്കുന്നത്പോലെയുള്ള ആരാധനകൾ.

അഞ്ച്: (سنوية) വർഷത്തിൽ ചെയ്യേണ്ട ആരാധനകൾ. ഉദാഹരണമായി: സകാത്ത് നൽകൽ, റമളാൻ നോമ്പനുഷ്ടിക്കൽ, പെരുന്നാൾ നമസ്കാരം പോലെയുള്ള ആരാധനകൾ ഓരോ വർഷത്തിലും ചെയ്യേണ്ട ആരാധനകളാണ്.

ആറ്: (عمرية) ആയുസ്സിലൊരിക്കൽ ചെയ്യേണ്ട ആരാധനകൾ. ഉദാഹരണമായി: ഹജ്ജും ഉംറയും പോലെയുള്ള ആരാധനകൾ ജീവിതത്തിലൊരിക്കൽ ചെയ്യേണ്ട ആരാധനകളാണ്.

മേൽ വിശദീകരിച്ച കാര്യങ്ങൾ ഒരാൾ മനസിലാക്കിയാൽ ഏതാണ് ആരാധന, ഏതാണ് ആരാധനയല്ലാത്തത് എന്ന് ശരിക്കും മനസിലാക്കുവാൻ കഴിയുന്നതാണ്. അല്ലാഹുവും പ്രവാചകനും പഠിപ്പിച്ച ആരാധനകൾ ഏതെല്ലാമാണെന്ന് പഠിക്കുവാനും, അത് അനുഷ്ടിക്കുവാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാവട്ടെ. ആമീൻ.


المكتب التعاوني للدعوة والإرشاد وتوعية الجاليات بالجبيل

قسم الجاليات المسلمة


# العبادة


إعداد: سيد سعفر صادق


# ഇബാദത്ത്

## (ആരാധന)


തയ്യാറാക്കിയത്:

സയ്യിദ് സഅ്ഫർ സ്വാദിഖ്

ജുബൈൽ ദഅ്‌വ സെൻറർ

03- 3625500 - 1030